സാമൂഹ്യസുരക്ഷാ പെൻഷനുകൾ

281 (1706) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ അർഹതയുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) ഒന്നിലധികം പെൻഷനുകൾ വാങ്ങുന്നതിന് നിലവിൽ തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പിൽ നിന്നും 20-6-2014, 12-2-2015 തീയതികളിൽ ഇറങ്ങിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ.

(ബി) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പെൻഷൻ സംബന്ധിച്ച അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. വികലാംഗപെൻഷൻ : 40 ശതമാനവും അതിനു മുകളിലും അംഗവൈകല്യം ഉള്ളവർക്ക് 1 ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധിക്കുള്ളിലാണെങ്കിൽ വികലാംഗ പെൻഷന് അർഹതയുണ്ടായിരിക്കും.

2. അഗതി (വിധവ) പെൻഷൻ : വിവാഹബന്ധം വേർപെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്. ടി പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

3. ദേശീയ വാർദ്ധക്യകാല പെൻഷൻ : കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ച് 60 വയസ്സിന് മുകളിൽ പ്രായമുള്ള കുടുംബവാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയ്ക്കുള്ളിലുമായ വ്യക്തിക്ക് പെൻഷന് അർഹതയുണ്ട്.

4. 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ : 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്ക് ടി പെൻഷൻ നൽകി വരുന്നു. ടി പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.

(സി) 12-2-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 8/2015/സാനീവ നമ്പർ ഉത്തരവ് പ്രകാരം മറ്റ് പെൻഷൻ ലഭിക്കുന്ന വ്യക്തികൾക്കും നിശ്ചിത വരുമാന പരിധിക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കും.

(ഡി) 20-6-2014-ലെ ജി.ഒ. (എംഎസ്.) 52/14/സാനീവ ഉത്തരവ്, 12-2-2015-ലെ ജി.ഒ. (എം.എസ്.) 8/2015/സാനീവ ഉത്തരവ് ഇവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

സാമൂഹ്യക്ഷേമ പെൻഷനുകൾ

282 (1707) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പുവഴി നൽകിവരുന്ന പെൻഷനുകൾ ഏതെല്ലാമാണ് ;

(ബി) കഴിഞ്ഞ നാല് വർഷംകൊണ്ട് ഈ പെൻഷനുകൾക്കുണ്ടായിട്ടുള്ള വർദ്ധനവിന്റെ തോത് സംബന്ധിച്ച വിവരങ്ങൾ നൽകാമോ ;

(സി) ഏതെല്ലാം പെൻഷനുകളുടെ വിതരണത്തിലാണ് കുടിശ്ശികയുള്ളത് ; എന്ത് തുക വീതമാണ് കുടിശ്ശികയുള്ളത് ;

(ഡി) കുടിശ്ശിക തുക എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly